I ഇ.ബി. XV - കേരള നിയമസഭ/V-13

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂലൈ 19, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### I. ചട്ടം 64 അനുസരിച്ചുള്ള പ്രസ്താവന

മന്ത്രിസ്ഥാനം രാജിവച്ചത് സംബന്ധിച്ച്

മന്ത്രിസ്ഥാനം രാജിവച്ചത് സംബന്ധിച്ച് ശ്രീ. സജി ചെറിയാൻ ചട്ടം 64 അനുസരിച്ച് പ്രസ്താവന നടത്തുകയും മല്ലപ്പള്ളിയിലെ പ്രസംഗം തെറ്റായി വ്യാഖ്യാനിക്കാനിടയായതിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു.

## II. അടിയന്തരപ്രമേയം

സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതുമൂലം റോഡുകളിൽ വ്യാപകമായി കുഴികൾ രൂപപ്പെടുകയും ഗതാഗതയോഗ്യമല്ലാതാവുകയും ചെയ്ത ഗുരുതര സാഹചര്യംമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുമരാമത്ത്-വിനോദസഞ്ചാര യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. റോഡ് പരിപാലനത്തിനായി റണ്ണിംഗ് കോൺട്രാക്ട് ഏർപ്പെടുത്തുകയും പരിപാലന കാലാവധി പരസ്യപ്പെടുത്തുന്ന ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-മൺസൂൺ പ്രവൃത്തികൾക്കുപുറമെ മഴക്കാലത്തെ റോഡ് പരിപാലന പ്രവർത്തനങ്ങൾക്കായി കൺട്രോൾ റൂം തുറക്കുകയും പ്രത്യേക ടാസ്ക് ഫോഴ്സ്

രൂപീകരിച്ച് പ്രവർത്തനം നടത്തുകയുമാണ്. റോഡിൽ കുഴികൾ രൂപപ്പെട്ടാൽ താത്കാലികമായെങ്കിലും അവ അടയ്ക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. വകുപ്പുകളുടെ ഏകോപനം സാധ്യമാക്കാനും വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ റോഡ് പ്രവൃത്തികളെ ബാധിക്കാതിരിക്കുന്നതിനുമുള്ള ഏകോപിതശ്രമം നടത്തുന്നുണ്ട്. സംസ്ഥാനത്തെ റോഡുകൾ ഒരു കുഴിപോലുമില്ലാത്തവയാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. വർക്കിംഗ് കലണ്ടർ ഏർപ്പെടുത്തിയതിലൂടെ പദ്ധതികൾ സർവ്വകാല റെക്കോർഡോടെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ മിഷൻ ടീം മുഖേനയും ജില്ലാ തലത്തിൽ ഡി.ഐ.സി.സി. സംവിധാനം ശക്തിപ്പെടുത്തിയും നിയോജകമണ്ഡലങ്ങളിൽ കോൺസ്റ്റിറ്റ്യൂവൻസി മോണിറ്ററിംഗ് ടീം രൂപീകരിച്ചും പ്രവൃത്തികൾ വിലയിരുത്തുന്നുണ്ട്. റോഡ് നിർമ്മാണത്തിനും പരിപാലനത്തിനുമായി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ഭാവിയിലേയ്ക്കുള്ള മുതൽക്കൂട്ടാണ്. സർക്കാർ കൈക്കൊള്ളുന്ന ശക്തമായ നിലപാടിനോടൊപ്പം പ്രതിപക്ഷവും നിലകൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: റോഡുകളിലെ കുഴികൾ അടയ്ക്കേണ്ട ഉത്തരവാദിത്വത്തിൽനിന്ന് സംസ്ഥാന/കേന്ദ്ര സർക്കാരുകൾ

പരസ്പരം പഴിചാരി മുന്നോട്ടുപോകുന്നത് ഖേദകരമാണ്. ഉത്തരവാദിത്വമില്ലായ്മയും വകുപ്പിന്റെ അനാസ്ഥയുംകൊണ്ടാണ് റോഡുകളിലെ കുഴികളടയ്ക്കാൻ സാധിക്കാത്തത്. തിരുവനന്തപുരം-കമലേശ്വരം റോഡുൾപ്പെടെ സംസ്ഥാനത്തെ മിക്ക റോഡുകളും വളരെ മോശപ്പെട്ട അവസ്ഥയിലാണ്. സർഫസ് ട്രാൻസ്പോർട്ട് രൂപപ്പെട്ടുവന്നാൽ മാത്രമെ റോഡുകളുടെ വികസനം സാദ്ധ്യമാകുകയുള്ളൂ. റോഡുകളിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം അപകടങ്ങൾ വർദ്ധിച്ചുവരികയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വിവിധ റോഡുകൾക്കായിമാത്രം 16 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. തിരുവനന്തപുരം-കമലേശ്വരം റോഡിലെ കുഴികളെല്ലാം നികത്തി ടൈൽ പാകിയതിനുപുറമെ ഡ്രെയിനേജ് സിസ്റ്റത്തിനായി 7 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് നിരത്ത് വകുപ്പിനുകീഴിൽ 767 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയും 117 പദ്ധതികൾ ടെണ്ടർ സ്റ്റേജിലുമാണ്. കിഫ്ബി മുഖാന്തരം 125 പദ്ധതികളും

കെ.എസ്.ടി.പി. പ്രകാരം 38 പദ്ധതികളും പുരോഗമിക്കുകയാണ്. നിരത്തുവിഭാഗത്തിൽ 330 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാല് വർഷത്തിനുള്ളിൽ 50% പി.ഡബ്ല്യൂ.ഡി. റോഡുകളും ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതാണ്. കിഫ്ബി പദ്ധതികളിലുൾപ്പെട്ട 131 റോഡുകളുടെ അറ്റകുറ്റപ്പണികൾ പുരോഗമിക്കുകയാണ്. Full Depth Reclamation സാങ്കേതികവിദ്യയിലൂടെ 30 റോഡുകൾ പുനർനിർമ്മിക്കാൻ തീരുമാനിക്കുകയും 42 റോഡുകളിൽക്കൂടി ഇത് സാദ്ധ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലൂടെ ക്ലസ്റ്റർ-1-ൽ 138 പ്രവൃത്തികളും ക്ലസ്റ്റർ-2-ൽ 346 പ്രവൃത്തികളും നടപ്പിലാക്കുന്നതോടൊപ്പം 217 മഴക്കാലപൂർവ്വ റോഡ് പ്രവൃത്തികളും പുരോഗമിക്കുകയാണ്. കരാറുകാരുടെ ഡി.എൽ.പി.-യുടെ ഭാഗമായ റോഡുകൾ പരിപാലിക്കപ്പെടുന്നുണ്ട്. റോഡുകൾ ഏഴ് വർഷം പരിപാലിക്കുന്നതിനുള്ള Output and Performance Based Running Contract (OPBRC) പദ്ധതി നടപ്പിലാക്കുകയും മൺസൂൺകാലത്തെ തകരാറുകൾ പരിഹരിക്കുന്നതിനായി ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. ആപ്പ് മുഖാന്തരം ലഭിച്ച പരാതികളിലേറെയും പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വാട്ടർ

അതോറിറ്റി നടത്തുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 55 പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും കേന്ദ്ര സർക്കാരിൽ നിന്നും സെൻട്രൽ റോഡ്സ് ഫണ്ട് ലഭ്യമാക്കാനാവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യുന്നുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. ശ്രദ്ധ ക്ഷണിക്കൽ

### 1. കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

<u>ശ്രീ. പി. എസ്. സുപാൽ</u>: സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയിൽ ആവശ്യമായ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനും അടഞ്ഞുകിടക്കുന്ന മുഴുവൻ സ്വകാര്യ ഫാക്ടറികളും

തുറന്നുപ്രവർത്തിപ്പിക്കുന്നതിനും മിനിമംകൂലി പുതുക്കി നിശ്ചയിക്കുന്നതിനും എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്നതിനും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. കശുവണ്ടി വ്യവസായ മേഖലയെ തകർച്ചയിൽ നിന്നും കരകയറ്റുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇ.എസ്.ഐ. ആനുകൂല്യത്തിൽ മാറ്റം വരുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ്. കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ഇ.എസ്.ഐ. ചികിത്സാ സഹായമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കി തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തോട്ടണ്ടിക്ഷാമം പരിഹരിക്കുന്നതോടുകൂടി തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങളും ഹാജർ നിലയും വർദ്ധിപ്പിക്കാനും പി.എഫ്. പെൻഷന് അർഹത നേടാനും കഴിയുന്നതാണ്. തോട്ടണ്ടി

ഇറക്കുമതി ചെയ്യുന്നതിനുള്ള പ്രവർത്തനമൂലധന വായ്പയായി 2022-23 സാമ്പത്തിക വർഷം കാഷ്യു ബോർഡിന് 40.85 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോൺ കുടിശ്ശികയുള്ളവർക്ക് പലിശ ഇളവ് നൽകുന്നതിനും തൊഴിൽ നൽകുന്നതിനനുസരിച്ച് പ്രോത്സാഹന പദ്ധതി നടപ്പാക്കുന്നതിനുമായി ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറികളുടെ പുനരുദ്ധാരണത്തിനായി 7 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനാവശ്യമായ ആധുനികവത്കരണം നടപ്പാക്കുന്നതുസംബന്ധിച്ച് ഗൗരവമായ പഠനം നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## 2. സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്നവരുടെ ജാതി സെൻസസ്

ശ്രീ. യു. എ. ലത്തീഫ്: സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്നവരുടെ ജാതി സെൻസസ് പത്തുവർഷത്തിലൊരിക്കൽ നടത്തണമെന്ന നിയമത്തിലെ വ്യവസ്ഥ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സെൻസസ് ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ സാമൂഹ്യ-വിദ്യാഭ്യാസ-സാമ്പത്തിക സെൻസസ് നടത്തുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതിയുണ്ട്. സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ സംവരണം ഏർപ്പെടുത്തി കൂടുതൽ അവസരം ലഭ്യമാക്കുന്നുണ്ട്. 2012-ൽ നടത്തിയ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് റിപ്പോർട്ട് കേന്ദ്ര സർക്കാർ പുറത്തുവിടാത്തതിനാലാണ് സംസ്ഥാന സർക്കാർ തുടർനടപടി സ്വീകരിക്കാത്തത്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## IV. സബ്മിഷൻ

### 1. വിമാനത്തിൽവച്ച് കയ്യേറ്റം ചെയ്തത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): വിമാനത്തിൽവച്ച് മുഖ്യമന്ത്രിക്കെതിരെ പ്രതിഷേധം നടത്തിയ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ കയ്യേറ്റം ചെയ്ത എൽ.ഡി.എഫ്. കൺവീനർക്കെതിരെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത്

അന്വേഷണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിമാനയാത്രയ്ക്കിടെ മുഖ്യമന്ത്രിയെ ആക്രമിക്കാനും കയ്യേറ്റം ചെയ്യാനും ശ്രമിച്ച സംഭവവുമായി ബന്ധപ്പെട്ട കേസ്സിൽ മൂന്ന് പ്രതികൾക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളെ ആരെങ്കിലും ആക്രമിച്ചതായി യാതൊരു പരാതിയും ലഭിച്ചിട്ടില്ല. കേസ്സിലെ തുടർനടപടികളിൽനിന്നും ഒഴിവാക്കപ്പെടുന്നതിനും കുറ്റകൃത്യത്തിന്റെ ഗൗരവം ലഘൂകരിക്കുന്നതിനുംവേണ്ടി തങ്ങളെ ആക്രമിച്ചുവെന്ന് കാണിച്ച് ദിവസങ്ങൾക്കുശേഷം നൽകിയ പരാതിയിന്മേൽ പ്രത്യേക കേസ് രജിസ്റ്റർ ചെയ്യേണ്ട സാഹചര്യമില്ലെന്നാണ് പോലീസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മുഖ്യമന്ത്രിയെ ആക്രമിക്കാൻ ശ്രമിച്ചവരെ തടഞ്ഞവർക്കെതിരെ യാതൊരുവിധ നിയമനടപടികളും നിലനിൽക്കുന്നില്ല. വളരെ ആസൂത്രിതമായാണ് ഇത്തരമൊരു സംഭവം വിമാനത്തിൽവച്ച് നടത്തുവാൻ യൂത്ത് കോൺഗ്രസ് നേതാക്കൾ പദ്ധതിയിട്ടതെന്നാണ് അന്വേഷണത്തിൽ വ്യക്തമായത്. വിമാനത്തിലുണ്ടായിരുന്ന മുൻമന്ത്രിയും എൽ.ഡി.എഫ്. കൺവീനറുമായ ശ്രീ. ഇ. പി. ജയരാജനും മുഖ്യമന്ത്രിയുടെ ഗൺമാനും മറ്റും തടഞ്ഞതുകൊണ്ടാണ് മുഖ്യമന്ത്രിക്കുനേരെ മറ്റനിഷ്ട സംഭവങ്ങൾ

ഉണ്ടാകാതിരുന്നത്. ഇൻഡിഗോ വിമാനക്കമ്പനി യാത്രക്കാർക്ക് സുരക്ഷയും സംരക്ഷണവും നൽകുന്നതിൽ പരാജയപ്പെട്ടതും കമ്പനിയുടെ ആഭ്യന്തര അന്വേഷണ സമിതി അക്രമികൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചതും വിമാനയാത്രയുടെ സുരക്ഷിതത്വത്തിന് അപകടമുണ്ടാക്കുന്നതാണ്.

## 2. ആതുരശുശ്രൂഷാലയങ്ങൾ പ്രവർത്തിക്കുന്ന കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ ലൈസൻസ്

ശ്രീ. ജോബ് മൈക്കിൾ: ആതുരശുശ്രൂഷാലയങ്ങൾ പ്രവർത്തിക്കുന്ന കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ ലൈസൻസ് പുതുക്കുന്നതിനും ഫീസിളവ് അനുവദിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): പെർമിറ്റ് ഫീസ്, ലൈസൻസ് ഫീസ് തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാന സ്രോതസ്സുകളാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള വരുമാന സ്രോതസ്സുകളിൽ കാര്യമായ കുറവ് വരികയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഫീസിളവ് നൽകുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല.

## 3. പാലക്കാട് നഗരസഭയിലെയും വിവിധ പഞ്ചായത്തുകളിലെയും പട്ടയ പ്രശ്നം

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് നിയോജകമണ്ഡലത്തിലെ പാലക്കാട് നഗരസഭയിലുൾപ്പെട്ട സുന്ദരൻകോളനി, താണാവൂർ രാജീവ് നഗർ കോളനി എന്നിവിടങ്ങളിലും മാത്തൂർ-കണ്ണാടി-പിരായിരി ഗ്രാമപഞ്ചായത്തുകളിലും താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പാലക്കാട് നിയോജകമണ്ഡലത്തിലെ പാലക്കാട് നഗരസഭയിലുൾപ്പെട്ട സുന്ദരൻ കോളനി, താണാവൂർ രാജീവ് നഗർ കോളനി, മാത്തൂർ-കണ്ണാടി-പിരായിരി ഗ്രാമപഞ്ചായത്തുകളിൽ താമസിക്കുന്നവർക്ക് മതിയായ രേഖകളില്ലാത്ത കാരണത്താൽ പട്ടയം ലഭ്യമായിട്ടില്ലെന്നത് വസ്തുതയാണ്. കോളനി നിവാസികൾ പട്ടയത്തിന് അപേക്ഷിച്ചിട്ടില്ലാത്തതിനാൽ അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത ഭൂമിയിൽ അർഹതയനുസരിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. താണാവൂർ രാജീവ് നഗർ കോളനി നിവാസികളുടെ പ്രശ്നം പരിശോധിച്ചതിൽ റവന്യൂ രേഖകൾ പ്രകാരം ഭൂമി വനംവകുപ്പിന്റെ ഉടമസ്ഥതയിലായതിനാൽ വനംവകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. മാത്തൂർ-കണ്ണാടി-

പിരായിരി ഗ്രാമപഞ്ചായത്തുകളിൽ നിലനിൽക്കുന്ന പട്ടയപ്രശ്നങ്ങൾ ലാൻഡ് ട്രിബ്യൂണലുമായി ബന്ധപ്പെട്ടതായതിനാൽ പരിശോധിച്ചുവരികയാണ്. ക്രയവിക്രയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പാലക്കാട് നിയോജകമണ്ഡലത്തിലെ പട്ടയ പ്രശ്നം രണ്ടാഴ്ചയ്ക്കകം പരിഹരിക്കുന്നതാണ്.

4. കുറ്റ്യാടി ഇറിഗേഷൻ പദ്ധതി

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം നിയോജകമണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് പൂർത്തീകരിക്കുന്നതിനും പൊട്ടിപ്പൊളിഞ്ഞ കനാൽ പുനഃസ്ഥാപിച്ച് വെള്ളമെത്തിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുറ്റ്യാടി ജലസേചന പദ്ധതിക്കുവേണ്ടി സർക്കാർ സ്ഥലം ഏറ്റെടുക്കുകയും ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ 2 കിലോമീറ്റർ ദൂരം പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിർത്തി നിശ്ചയിച്ചുകിട്ടുന്നമുറയ്ക്ക് ശേഷിച്ച കനാൽഭാഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. റിപ്പയർ വേണ്ടിവരുന്ന പ്രദേശങ്ങളെ പ്രത്യേകം പരിഗണിച്ച്

മുന്നോട്ടുപോകുന്നതാണ്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ കനാലുകളുടെ നവീകരണത്തിന് 150 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണന നൽകി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

5. കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ്

ശ്രീമതി യു. പ്രതിഭ: കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ് കായംകുളത്ത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർക്കിൾ ഓഫീസുകൾ റവന്യൂ-ജില്ലാടിസ്ഥാനത്തിലും ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയോജകമണ്ഡലാടിസ്ഥാനത്തിലും സെക്ഷൻ ഓഫീസുകൾ നാലോ അഞ്ചോ പഞ്ചായത്തടിസ്ഥാനത്തിലും പുനഃസംഘടിപ്പിക്കാൻ കേരള വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. ആലപ്പുഴ ഡിവിഷന്റെ ജോലിഭാരം കുറയ്ക്കുന്നതിനുള്ള പുനഃക്രമീകരണം ഏർപ്പെടുത്തുന്നമുറയ്ക്ക് കായംകുളത്ത് ഡിവിഷൻ ഓഫീസ് ആരംഭിക്കാൻ സാധിക്കുന്നതാണ്.

## 6. നിലയ്ക്കൽ കുടിവെള്ള പദ്ധതി

ശ്രീ. കെ. യു. ജനീഷ് കുമാർ: ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് ശുദ്ധജലം ഉറപ്പാക്കുന്ന പദ്ധതിയുടെ റീ-ടെണ്ടർ നടപടി ത്വരിതപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): നിലയ്ക്കൽ കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് ശബരിമലയിൽ വെള്ളമെത്തിക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി 9 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി ഏറ്റെടുത്ത കമ്പനിയെ ടെർമിനേറ്റ് ചെയ്തതിനെത്തുടർന്ന് വർക്ക് റീ-ടെണ്ടർ ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ പരിശോധിക്കുന്നതും ശേഷിച്ച വർക്കുകൾ പൂർത്തീകരിക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതുമാണ്.

## 7. പെരിങ്ങോം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം

ശ്രീ. ടി. ഐ. മധുസൂദനൻ: പെരിങ്ങോം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): പെരിങ്ങോം ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാനസൗകര്യ

വികസനത്തിനായി കിഫ്ബി വഴി തുക അനുവദിച്ചിട്ടുണ്ട്. കിറ്റ്കോ തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമായാലുടൻ ടെണ്ടർ നടപടി പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

8. നെന്മാറ-നെല്ലിയാമ്പതി റോഡ് നിർമ്മാണം

ശ്രീ. കെ. ബാബു (നെന്മാറ): പ്രളയത്തിൽ തകർന്ന നെന്മാറ-നെല്ലിയാമ്പതി റോഡ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ നെന്മാറ-നെല്ലിയാമ്പതി റോഡ് നിർമ്മാണം ഏറ്റെടുക്കാൻ കഴിയില്ലെന്നറിയിച്ച കമ്പനിക്കെതിരെ നടപടി ആരംഭിച്ചിട്ടുണ്ട്. കോടതി ഉത്തരവുപ്രകാരം ലോവസ്റ്റ് ബിഡ്ഡർക്ക് വർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ വിഷയം പ്രത്യേകം പരിശോധിക്കാൻ കെ.എസ്.ടി.പി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## 9. ബിനാച്ചി-പനമരം റോഡ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ബിനാച്ചി-പനമരം റോഡ് നിർമ്മാണം റീ-ടെണ്ടർ ചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ബിനാച്ചി-പനമരം റോഡ് നിർമ്മാണം പുനരാരംഭിക്കാൻ കിഫ്ബി അനുമതി നൽകിയതിനെത്തുടർന്ന് വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് 1.52 കോടി രൂപ അനുവദിച്ച് പ്രവൃത്തി ആരംഭിക്കുകയും ബാക്കിയുള്ള പ്രവൃത്തികൾ ടെണ്ടർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുന്നതാണ്.

## 10. മലപ്പുറത്തെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം ജില്ലയിലൂൾപ്പെടെയുള്ള ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതിനും പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകൾ ബി.എം. & ബി.സി. ചെയ്ത് ഗുണമേന്മ ഉറപ്പുവരുത്താനും

കാലാവസ്ഥയ്ക്കനുസൃതമായി റോഡുകൾ നിർമ്മിക്കാനുമുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്ന കാര്യം കൂട്ടായ ചർച്ചയിലൂടെ തീരുമാനിക്കാവുന്നതാണ്.

## V. റിപ്പോർട്ടുകളുടെ സമർപ്പണം

സബ്ജക്ട് കമ്മിറ്റി I, IV, V, XIV എന്നിവയുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

## VI. റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII. ധനകാര്യം

### 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ):

താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ /മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

(222,35,23,000 രൂപ)

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. പി. ടി. എ. റഹീം: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സ്വകാര്യ ഹജ്ജ് ഗ്രൂപ്പ് മുഖേന ഹജ്ജിന് പോകുന്നവർക്കുള്ള താമസസൗകര്യം, ഭക്ഷണം, വൈദ്യ സഹായം എന്നിവ ഒരുക്കുന്നതിൽ കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ഇടപെടുന്നതിനും കോഴിക്കോടുള്ള ഹജ്ജ് എംബാർക്കേഷൻ

പോയിന്റ് പുനഃസ്ഥാപിക്കുന്നതിനും വഖഫ് ബോർഡ് കാര്യക്ഷമമാക്കുന്നതിനും കോഴിക്കോട് വഖഫ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. പട്ടികജാതി വികസന വകുപ്പ് മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ 4020 ഗുണഭോക്താക്കൾക്ക് ഭൂമി നൽകുകയും 278 കോടി രൂപ ലൈഫ് മിഷന് കൈമാറുകയും ചെയ്തതിലൂടെ മാതൃകപരമായ പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശരാജ്യങ്ങളിൽ ജോലി നേടിക്കൊടുക്കുന്നതിനും അംബേദ്കർ ഗ്രാമം പദ്ധതി ഊർജ്ജിതമാക്കുന്നതിനും മുൻകയ്യെടുക്കണം. ഒരേ വിഭാഗത്തിൽപ്പെട്ടതും വിവിധയിടങ്ങളിൽ പല പേരുകളിൽ അറിയപ്പെടുന്നതുമായവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഉൾവനങ്ങളിലുള്ള ഏകാധ്യാപക വിദ്യാലയങ്ങളെ സംരക്ഷിക്കാനും അടച്ചുപൂട്ടിയ സ്കൂളുകളിൽ ടീച്ചർമാരായി ജോലി ചെയ്തവരെ വോളന്റിയർമാരായി നിലനിർത്താനും തയ്യാറാകണം. പട്ടികവർഗ്ഗക്കാർക്ക് അർഹതപ്പെട്ട വീട് ലഭിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ

ലഘൂകരിക്കാനും വിദേശത്ത് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുണ്ടായിരുന്ന സ്കോളർഷിപ്പ് പുനഃസ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താനും കമ്പനികളുടെ കൈയിലുള്ള പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂ/ഭവനരഹിതർക്ക് ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. എം.ആർ.എസ്.-കളിലെ പ്രവേശനത്തിനുള്ള വാർഷിക വരുമാനപരിധി രണ്ടുലക്ഷം രൂപയാക്കി ഉയർത്തിയതും അട്ടപ്പാടിയിലും കാസർഗോഡും പുതിയ ഏകലവ്യ എം.ആർ.എസ്.-കൾ ആരംഭിച്ചതും അഭിനന്ദനാർഹമാണ്. ഐ.എ.എസ്. പരിശീലനത്തിനായി 20 കുട്ടികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തിയതും സിവിൽ എഞ്ചിനീയറിംഗ്/ഡിപ്ലോമ/ഐ.ടി.ഐ. യോഗ്യതയുള്ള 200 പട്ടികവർഗ്ഗ വിഭാഗക്കാരെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അക്രെഡിറ്റഡ് എഞ്ചിനീയർമാരായും 500 പട്ടികവർഗ്ഗക്കാരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായും നിയമിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. എം.ഫിൽ/പി.എച്ച്.ഡി. കോഴ്സ് ചെയ്യുന്നവർക്ക് സ്കോളർഷിപ്പ് ആനുകൂല്യത്തിനുള്ള പ്രായപരിധി 45 ആയി ഉയർത്തിയിട്ടുണ്ട്. ഇന്റർനെറ്റ്

ഇല്ലാതിരുന്ന 1055-ഓളം കോളനികളിൽ കണക്ടിവിറ്റി എത്തിക്കാനും വനാവകാശ നിയമപ്രകാരം 150 പേർക്ക് ഭൂമി വിതരണം ചെയ്യാനും അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിപ്രകാരം 64 കോളനികൾക്ക് ഒരു കോടി രൂപ വീതം അനുവദിക്കാനും കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. മദ്യ-മയക്കുമരുന്ന് ഉപയോഗത്തിൽനിന്നും ആദിവാസി ജനവിഭാഗങ്ങളെ മോചിപ്പിക്കാനാവശ്യമായ പ്രത്യേക സംവിധാനമൊരുക്കണം. അംബേദ്കർ സെറ്റിൽമെന്റ് കോളനിയിലെ വാസയോഗ്യമല്ലാത്ത വീടുകൾ മെയിന്റനൻസ് ചെയ്യുന്നതിനുപകരം പുതിയ വീടുകൾ നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എ. കെ. എം. അഷ്റഫ്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വകയിരുത്തുന്ന തുക ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുണ്ടോയെന്ന് പഠനം നടത്തുന്നതിനും മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുറവൻ സമുദായത്തിന് പട്ടികജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനും കൊങ്കിണി ഭാഷ സംസാരിക്കുന്ന ക്രിസ്ത്യൻ എൽ.സി. വിഭാഗത്തെ ഒ.ബി.സി.യിലുൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ

കൊഴിഞ്ഞുപോക്കിന് പരിഹാരം കാണാനും ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജുകളിൽ പഠിക്കുന്ന മതന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫീസിളവ് അനുവദിക്കാനും തയ്യാറാകണം. സന്തോഷ് ട്രോഫി നേടിയ കേരള ടീമിന് പാരിതോഷികം നൽകി ആദരിച്ചപ്പോൾ ടീം ഫിസിയോയെ ഉൾപ്പെടുത്താത്ത നടപടി അപലപനീയമാണ്. സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിൽ കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തണം.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ-സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക വികസനത്തിൽ നിർണ്ണായക പങ്കാണ് വകുപ്പ് വഹിക്കുന്നത്. ഭൂമിയും വീടുമില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. കോളനികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കിയതും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹധനസഹായം വർദ്ധിപ്പിച്ചതും മിശ്ര വിവാഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകിയതും ചികിത്സാ ധനസഹായം ഉറപ്പാക്കിയതും അംബേദ്കർ ഗ്രാമം പദ്ധതി വിജയകരമായി നടപ്പാക്കാൻ

സാധിച്ചതും ഏകവരുമാനദായകർ മരണപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചതും ശ്ലാഘനീയമാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ആരോഗ്യ-വിദ്യാഭ്യാസ ഉന്നമനത്തിനുമായി വിവിധ പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പിന്നാക്ക വികസന കോർപ്പറേഷന് ആസ്ഥാന മന്ദിരം പണിയാൻ 25 സെന്റ് സ്ഥലം പതിച്ചുനൽകിയ നടപടി അഭിനന്ദനാർഹമാണ്. പട്ടികജാതി വിഭാഗങ്ങളുടെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിക്ക് പ്രത്യേക ഊന്നൽ നൽകുകയും പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ കൃത്യതയോടെയുള്ള പ്രവർത്തനങ്ങൾ നടത്തുകയും വേണം.

ശ്രീമതി കെ. കെ. രമ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വടകര പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടം പണിയാൻ തുക അനുവദിച്ച നടപടിയെ അഭിനന്ദിക്കുന്നതിനോടൊപ്പം ഹോസ്റ്റൽ നിർമ്മാണം വേഗത്തിലാക്കുന്നതിനും മുൻകയ്യെടുക്കണം. പട്ടികജാതി കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിന് സമഗ്ര പദ്ധതി ആവിഷ്കരിക്കണം. പഠനം നിർത്തിപ്പോകുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ

സ്കൂളിലെത്തിക്കുന്നതിനും ട്രൈബൽ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിനും ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ഇ-ഗ്രാന്റ്സ് പദ്ധതി പ്രകാരമുള്ള കോഴ്സുകളുടെ അപേക്ഷാ ഫീസ് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. അട്ടപ്പാടിയിൽ വിതരണം ചെയ്ത പട്ടയങ്ങളിൽ എത്രപേർക്ക് വാസയോഗ്യമായ ഭൂമി ലഭിച്ചുവെന്നത് അന്വേഷിക്കുകയും സാമൂഹ്യ അടുക്കളയുടെ പ്രവർത്തനം സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നടത്തുകയും വേണം.

ശ്രീ. ജി. സ്റ്റീഫൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവേശനത്തിനുള്ള വാർഷിക വരുമാന പരിധിയിലും സ്കോളർഷിപ്പ് ആനുകൂല്യത്തിനുള്ള പ്രായപരിധിയിലും കാലികമായ മാറ്റം വരുത്തുകയും അട്ടപ്പാടിയിലും കാസർഗോഡും രണ്ട് ഏകലവ്യ എം.ആർ.എസ്.-കൾ ആരംഭിക്കുകയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലന പദ്ധതി ആരംഭിക്കുകയും മാതാവ്/പിതാവ്/മാതാപിതാക്കൾ മരണപ്പെട്ട പെൺകുട്ടികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തുകയും ചെയ്ത നടപടിയെ അഭിനന്ദിക്കുന്നു. ഭൂരഹിതരായ 4020 പട്ടികജാതി

കുടുംബങ്ങൾക്കും വനാവകാശ നിയമപ്രകാരം 150 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്തതോടൊപ്പം 'അംബേദ്കർ ഗ്രാമം' പദ്ധതിയിലൂടെ പട്ടികജാതി ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം 49.75 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച പത്ത് വർഷമായി പൂർത്തിയാകാത്ത 4978 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിന്റെ 2350 വീടുകളും പൂർത്തീകരിക്കുകയും പട്ടികജാതി-പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹ ധനസഹായം വർദ്ധിപ്പിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിക്കുന്ന അക്രഡിറ്റഡ് എഞ്ചിനീയർ തസ്തികകളിൽ 500 എണ്ണം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണം ചെയ്തതിനൊപ്പം ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് പ്രത്യേക നിയമനം നടത്താൻ തീരുമാനിക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്.സി./എസ്.ടി. സംവരണം ഉറപ്പാക്കണം. കോടതി ഇടപെടലിനെത്തുടർന്ന് നിർത്തിവച്ച കുറിച്ചൽ എം.ആർ.എസ്.-ന്റെ കെട്ടിട നിർമ്മാണം പുനരാരംഭിക്കണം.

ശ്രീ. പി. പി. സുമോദ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. അട്ടപ്പാടി മേഖലയിലെ പട്ടിണി-ശിശുമരണ നിരക്കുകൾ കുറച്ചുകൊണ്ടുവരാനും പ്രസ്തുത മേഖലയ്ക്കായി ഒരു പ്രത്യേക താലൂക്ക് അനുവദിക്കാനും പാലക്കാട് മെഡിക്കൽ കോളേജിന് ആജീവനാന്ത അംഗീകാരം നേടിയെടുക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിൽ ഒ.പി.-ഐ.പി. വിഭാഗങ്ങൾ പൂർണ്ണമായി പ്രവർത്തനസജ്ജമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. എട്ടാം ക്ലാസ് മുതൽ പ്ലസ് ടു വരെ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അനുവദിച്ച പഠന മുറികൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പട്ടികജാതി വിഭാഗങ്ങളുടെ ചികിത്സാ ധനസഹായം ഓൺലൈൻ ആക്കുകയും ജാതിസർട്ടിഫിക്കറ്റിന്റെ കാലാവധി മൂന്ന് വർഷമായി ഉയർത്തുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി വാത്സല്യനിധി പദ്ധതി നടപ്പാക്കുകയും വിവാഹ ധനസഹായം 1.25 ലക്ഷം രൂപയായി ഉയർത്തുകയും ഐ.എ.എസ് കോച്ചിംഗിന് 300 പേർക്ക് പരിശീലനം നൽകുന്ന പദ്ധതി ആരംഭിക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്. ഏകവരുമാനദായകൻ മരണപ്പെടുന്ന കുടുംബങ്ങൾക്ക് നൽകുന്ന

ധനസഹായം 2,00,000 രൂപയായി ഉയർത്തിയത് ശ്രദ്ധേയമാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.എ.എസ് പരിശീലന പദ്ധതി ആരംഭിച്ചതും എഞ്ചിനീയറിംഗിനും എം.ബി.ബി.എസ്.-നും കൂടുതൽ മാർക്ക് കരസ്ഥമാക്കുന്നവർക്കും വിവിധ വിഷയങ്ങളിൽ പി.എച്ച്.ഡി. നേടുന്നവർക്കും പ്ലസ്.ടു-വിന് മുഴുവൻ മാർക്ക് കരസ്ഥമാക്കുന്നവർക്കും അവാർഡ് ഏർപ്പെടുത്തിയതും സ്വാഗതാർഹമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്ന നടപടി ശ്രദ്ധേയമാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഗോത്രസാരഥി പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയങ്ങളിലെത്തിക്കുന്നതിനുവേണ്ട വാഹനങ്ങളുടെ ചെലവ് വഹിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കം പരിഹരിക്കണം. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് നടപടി സ്വീകരിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിൽ മുൻഗണന നൽകണം. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ എം.ആർ.എസ്. ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് അനുവദിച്ചുവരുന്ന ധനസഹായം വർദ്ധിപ്പിക്കണം.

വനാവകാശനിയമപ്രകാരം ഭൂമി ലഭിക്കാത്ത ആദിവാസികൾക്ക് ഭൂമി നൽകുകയും പട്ടികവർഗ്ഗക്കാർക്ക് പതിച്ചുനൽകിയ ഭൂമി കൃഷിയോഗ്യമാക്കുന്നതിന് കാർഷിക പാക്കേജ് നടപ്പിലാക്കുകയും ചെയ്യണം.

ശ്രീ. ഒ. ആർ. കേളു: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ വിദ്യാഭ്യാസപരമായി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് സാമൂഹ്യ പഠനമുറി, ഗോത്രബന്ധു, വിദ്യാവാഹിനി, പ്രഭാത ഭക്ഷണ പദ്ധതി, ഹോസ്റ്റൽ/എം.ആർ.എസ്., ഉന്നത പരീക്ഷകൾക്കായുള്ള പരിശീലന സൗകര്യം, പൈലറ്റ് പരിശീലനം, സ്കോളർഷിപ്പ് എന്നിവ ഏർപ്പെടുത്തിയതും ലാൻഡ് ബാങ്ക്, ലൈഫ്, അംബേദ്കർ ഗ്രാമം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയതും അഭിനന്ദനാർഹമാണ്. വന്യമൃഗശല്യം പ്രതിരോധിക്കുന്ന കാര്യത്തിൽ വകുപ്പ് സ്വീകരിക്കുന്ന നടപടി ശ്ലാഘനീയമാണ്. വിദൂരപ്രദേശങ്ങളിൽ ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയതും ട്രൈബൽ പ്ലസ് പദ്ധതിയും ഏക വരുമാനമുള്ള കുടുംബനാഥൻ മരണപ്പെട്ടാൽ സംരക്ഷണം നൽകുന്ന പദ്ധതിയും വകുപ്പിന്റെ നേട്ടങ്ങളാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പട്ടികജാതിക്കാരുടെ 4978 വീടുകൾ പൂർത്തീകരിച്ചതും 144 പേർക്ക് കൃഷി

ഭൂമി ലഭ്യമാക്കിയതും 139 പേർക്ക് പഠനമുറി അനുവദിച്ചതും ശ്രദ്ധേയമായ നേട്ടങ്ങളാണ്. മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾക്ക് ധനസഹായം നൽകാൻ സാധിച്ചത് മാതൃകാപരമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതിക്കാർക്കുള്ള ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിലെ അപാകത പരിഹരിക്കാനും പട്ടികജാതി സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. പി. എ. മജീദ്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ന്യൂനപക്ഷ ക്ഷേമപദ്ധതികൾക്കുള്ള ഫണ്ടുകൾ വെട്ടിക്കുറച്ചത് അപലപനീയമാണ്. എയ്ഡഡ് പദവിയുള്ള എ.ഐ.പി. സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം തീരുമാനിക്കാത്തതും ആനുകൂല്യങ്ങൾ നൽകാത്തതും സംവരണതത്വം പാലിക്കാത്തതും നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള തസ്തികകൾ നികത്താത്തതും പ്രതിഷേധാർഹമാണ്. മുന്നാക്ക വിഭാഗ സംവരണം നടപ്പാക്കിയതിലൂടെ പിന്നാക്ക വിഭാഗങ്ങൾക്കുണ്ടായ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കണം. വഖഫ് ബോർഡിന് ഗ്രാന്റ് അനുവദിക്കാത്തതും ക്ഷേമപദ്ധതികൾക്കായി തുക നീക്കിവയ്ക്കാത്തതും കോഴിക്കോട് ട്രിബ്യൂണൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വഖഫ് ബോർഡിന് ഫണ്ട് നൽകാത്തതും

അപലപനീയമാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ആദിവാസികളെ സാമൂഹിക ജീവിതത്തിലേയ്ക്ക് കൊണ്ടുവന്നതിൽ നവോത്ഥാന, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് സ്തുത്യർഹമാണ്. നവോത്ഥാന നായകന്മാർ നടത്തിയ പോരാട്ടങ്ങളിലൂടെയാണ് കേരളത്തിൽ നിലനിന്നിരുന്ന സാമൂഹിക ദുരാചാരങ്ങളെ ഉന്മൂലനം ചെയ്യാൻ സാധിച്ചത്. ഭവനനിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണം. പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രാഥമികതലം മുതൽ ലഭ്യമാക്കുന്നതിനും അവരെ മാനസിക അടിമത്വത്തിൽനിന്നും മോചിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. എം. സച്ചിൻദേവ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തിയതും ഭവനനിർമ്മാണം, പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം, വിദ്യാഭ്യാസം, വിദേശപഠനത്തിന് സ്കോളർഷിപ്പ്, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവയ്ക്കായി തുക അനുവദിച്ചതും കോവിഡ് കാലയളവിൽ ഇടമലക്കുടിയിലുൾപ്പെടെ ഡിജിറ്റൽ പഠനമൊരുക്കാൻ കഴിഞ്ഞതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ദേവസ്വം ബോർഡ് നിയമനങ്ങളിൽ ദളിത് വിഭാഗത്തിന് നൽകിയിരുന്ന മുൻഗണന മാറ്റിയത് പുനഃപരിശോധിക്കുകയും ബോർഡിന്റെ കീഴിലുള്ള കോളേജുകളിലെ നിയമനങ്ങളിൽ എസ്.സി. വിഭാഗങ്ങൾക്ക് സംവരണമേർപ്പെടുത്തുകയും വേണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് പൂർണ്ണമായും ചെലവഴിക്കുന്നതിനും കിഫ്ബിയിൽനിന്ന് പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിന് തുക അനുവദിക്കുന്നതിനും പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ലൈഫ് പദ്ധതിയിലൂടെ എസ്.സി. വിഭാഗങ്ങൾക്ക് നൽകിയിരുന്ന തുക വെട്ടിക്കുറച്ചത് ഖേദകരമാണ്. ദളിത് വിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കുന്ന സമീപനം അവസാനിപ്പിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): ഏകാദ്ധ്യാപക വിദ്യാലയങ്ങളെ സംബന്ധിച്ച് സഭയിൽ വന്ന പരാമർശത്തിന്മേൽ വ്യക്തത വരുത്തുകയാണ്. യാത്രാസൗകര്യമില്ലാത്തതും വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന തീരദേശപ്രദേശങ്ങളിലെയും

വനമേഖലകളിലെയും വിദ്യാർത്ഥികളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് രൂപം കൊടുത്ത ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ അദ്ധ്യാപനത്തിന് അതത് പ്രദേശത്തെ കൂടുതൽ വിദ്യാഭ്യാസയോഗ്യതയുള്ളവരെ വിദ്യാവോളന്റിയർമാരായി താൽക്കാലികമായി നിയമിക്കുകയും 18,500 രൂപ ഓണറേറിയമായി നൽകുകയും ചെയ്തിരുന്നു. പൊതുവിദ്യാലയങ്ങൾ ഹൈടെക്കായി മാറുകയും മികവിന്റെ കേന്ദ്രങ്ങളാവുകയും ചെയ്തതിനാൽ ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളെ തൊട്ടടുത്ത സ്കൂളുകളിലെത്തിക്കുന്നതിന് തീരുമാനിച്ചതിനെത്തുടർന്ന് 243 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ അടച്ചുപൂട്ടുകയും വിദ്യാവോളന്റിയർമാർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്ഥിരനിയമനം നൽകുകയും ചെയ്തിട്ടുണ്ട്. ഏകാദ്ധ്യാപകരായി തുടരാൻ താൽപ്പര്യമുള്ള വിദ്യാവോളന്റിയർമാർക്ക് നിലവിൽ നൽകിയിരിക്കുന്ന സമ്മതപത്രം പിൻവലിച്ച് പ്രസ്തുത സ്കൂളുകളിലേയ്ക്ക് തിരിച്ചുവരാൻ അവസരമൊരുക്കിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ധനാഭ്യർത്ഥന ചർച്ചയിൽ ഭരണ-പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ച നിർദ്ദേശങ്ങളെയും

വിമർശനങ്ങളെയും സ്വാഗതം ചെയ്യുന്നു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ദളിത് വിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും സാമൂഹ്യപരവുമായ ഉന്നമനത്തിന് ഇച്ഛാശക്തിയോടെയുള്ള നിലപാടാണ് സ്വീകരിച്ചുവരുന്നത്. 2018-19, 2019-20 കാലഘട്ടങ്ങളിൽ കേരളത്തിനുപുറത്ത് അഡ്മിഷൻ ലഭിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം ലഭ്യമാക്കുന്നതിന് പട്ടികജാതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇരട്ടവീടുകൾ ഒറ്റവീടാക്കുന്നതിനും പട്ടികവർഗ്ഗ കോളനികളിൽ ലക്ഷം വീട് പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അട്ടപ്പാടി മേഖലയിലെ ഗർഭിണികൾക്ക് പോഷകാഹാരവും മരുന്നും വിതരണം ചെയ്തുവരുന്നുണ്ട്. മിശ്രവിവാഹിതർക്കുള്ള ധനസഹായത്തിന് പ്രത്യേക ഹെഡ്ഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. ഗോത്രസാരഥി പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. മെന്റർ ടീച്ചർമാർക്ക് ഡയറ്റ് മുഖാന്തരം പരിശീലനം നൽകുകയും എം.ആർ.എസ്. ഹോസ്റ്റൽ വിദ്യാർത്ഥികളുടെ ആനുകൂല്യം കാലാനുസൃതമായി വർദ്ധിപ്പിക്കുകയും വനാവകാശ നിയമപ്രകാരം മുഴുവൻ

ആദിവാസി വിഭാഗങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ഫണ്ട് വിനിയോഗം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ എം.എൽ.എ.-മാർ മുൻകയ്യെടുക്കണം. മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് അർഹതപ്പെട്ട മുഴുവൻ പേർക്കും ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ നിയമന സംവരണത്തിൽ വരുത്തിയ മാറ്റം പരിശോധിക്കുന്നതാണ്. എസ്.സി./എസ്.ടി. വിഭാഗത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുകയും കുട്ടികളിലെ കായികമായ കഴിവുകൾ വളർത്തിയെടുക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പിന്നാക്ക വിഭാഗങ്ങൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുകയും പ്രൊഫഷണൽ കോഴ്സുകൾ പാസ്സായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച XXV-ാം നമ്പർ ധനാഭ്യർത്ഥന ശബ്ദവോട്ടോടുകൂടി സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

## ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയും നഷ്ടപരിഹാരവും

അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**അപരാഹ്ന സമ്മേളനം**

## VIII. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2022-ലെ കേരള ധനകാര്യ ബിൽ

(ii) 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനകാര്യ ബിൽ, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിലെ പല നികുതി നിർദ്ദേശങ്ങളും യുക്തിസഹമല്ല. അശാസ്ത്രീയമായ

രീതിയിൽ 602 കോടി രൂപയുടെ നികുതി നിർദ്ദേശങ്ങളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഭൂമിയുടെയും നിത്യോപയോഗ സാധനങ്ങളുടെയും നികുതി വർദ്ധനവ് ജനങ്ങളെ ദുരിതത്തിലാക്കിയിട്ടുണ്ട്. ജി.എസ്.ടി. നികുതി നിരക്കിലെ അപാകതകൾ പരിഹരിക്കുന്നതിനും ജനങ്ങളെ ബാധിക്കുന്ന നികുതി നിർദ്ദേശങ്ങളിൽ മറ്റ് സംസ്ഥാനങ്ങളുമായി യോജിച്ച് ശക്തമായ നിലപാട് സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട ഓൺലൈൻ അപേക്ഷകളിലുണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കപ്പെടണം. സർക്കാർ നടപ്പാക്കിയിട്ടുള്ള ആംനസ്റ്റി സംവിധാനം പൂർണ്ണ പരാജയമാണ്. കോവിഡ് പ്രതിസന്ധി പരിഹരിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽനിന്ന് ചെലവഴിച്ച തുകയെക്കുറിച്ച് വ്യക്തമാക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജനങ്ങളുടെ മേൽ നികുതിഭാരം അടിച്ചേൽപ്പിക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. അടിസ്ഥാന ഭൂനികുതി ഇരട്ടിയാക്കിയിരിക്കുകയാണ്. കിഫ്ബിയുടെ തിരിച്ചടവ് മോട്ടോർ വാഹന നികുതിയിൽനിന്ന് നൽകുന്നത് സംബന്ധിച്ച് പരിശോധിക്കണം. ആനംസ്റ്റി സ്കീം സമ്പൂർണ്ണ പരാജയമാണ്. നികുതി പിരിവിന്റെ ഘടനയിൽ മാറ്റം വരുത്തിയും നികുതി നിർണ്ണയത്തിൽ

വ്യക്തമായ സ്ട്രാറ്റജി തയ്യാറാക്കിയും നികുതി പിരിവ് കാര്യക്ഷമമാക്കണം. ധനകാര്യ മാനേജ്മെന്റിലെ വീഴ്ചയും നികുതി പിരിവിലെ കെടുകാര്യസ്ഥതയുംമൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക ബാധ്യത വലുതാണ്. കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലുകൾ കൊണ്ടുവരികയും പുതിയ നികുതി നിർദ്ദേശങ്ങൾ പിൻവലിക്കാൻ സർക്കാർ തയ്യാറാകുകയും വേണം.

ശ്രീ. എൻ. ഷംസുദ്ദീൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കടം വർദ്ധിക്കുകയും മൂലധനച്ചെലവുകൾ കുറയുകയും ചെയ്യുന്നത് സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലാണെന്നതിന് തെളിവാണ്. പൊതുകടം 3.3 ലക്ഷം കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. കിഫ്ബി പദ്ധതികളിലെ കാലതാമസവും സങ്കീർണ്ണതകളും ഒഴിവാക്കുന്നതിനും ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തയ്യാറാകണം. മെഡിസെപ് പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ ഒഴിവാക്കാനും ഒ.പി. സൗകര്യം ഏർപ്പെടുത്താനും പദ്ധതിയുടെ കീഴിലുള്ള ആശുപത്രികളുടെ എണ്ണം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. ആസ്തി വികസനവുമായി ബന്ധപ്പെട്ട് അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിലുള്ള അവ്യക്തതകൾ പരിഹരിക്കണം.

ശ്രീമതി ഉമ തോമസ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ധനകാര്യ മാനേജ്മെന്റിലെ വീഴ്ചകളും നികുതി പിരിവിലെ കെടുകാര്യസ്ഥതയുംമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ ബാധ്യത സാധാരണക്കാരിലേയ്ക്ക് അടിച്ചേൽപ്പിക്കുകയാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവിലൂടെ ലഭിച്ച അധികനികുതി വരുമാനമുപയോഗിച്ച് വിലക്കയറ്റം തടയുന്നതിന് സർക്കാർ തയ്യാറാകണം. ഹരിത നികുതി വർദ്ധിപ്പിക്കാനും രണ്ട് ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി ഒരു ശതമാനം വർദ്ധിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കുകയും വേണം. കേന്ദ്രാനുമതി ലഭ്യമാക്കി കൊച്ചി മെട്രോയുടെ രണ്ടാംഘട്ട വികസനം യാഥാർത്ഥ്യമാക്കുന്നതിനും സ്ഥലം വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിനും പദ്ധതിക്കാവശ്യമായ ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജി.എസ്.ടി കോമ്പൻസേഷനും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും തുടർന്നും ലഭിക്കുന്നതിനും സാമ്പത്തിക പ്രതിസന്ധി കാരണം മുടങ്ങിയ ക്ഷേമ പെൻഷനുകളും സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശികയും

അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. നിലവിലെ ഡി.എസ്.ആർ നിരക്കിൽ മാറ്റം വരുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കണം. കോവിഡ് പ്രതിസന്ധിഘട്ടത്തിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കണം. ആശ്രിത നിയമനവും ആശ്വാസ കിരണം പദ്ധതിയും കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും പുനഃസ്ഥാപിക്കുകയും എയ്ഡഡ് സ്കൂളുകളിൽ നടത്തിയ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുകയും ചെയ്യണം.

<u>ശ്രീ. സനീഷ് കുമാർ ജോസഫ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഭൂപരിഷ്കരണ നിയമം പരിഷ്കരിക്കാനും ഭൂ പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താനും നടപടി സ്വീകരിക്കണം. പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തതും പട്ടയ വിതരണം കാര്യക്ഷമമായി നടപ്പാക്കാനാകാത്തതും ഖേദകരമാണ്. എല്ലാ താലൂക്ക് ഓഫീസുകളെയും സ്മാർട്ടാക്കുകയും 'എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ' എന്ന ആശയം പ്രായോഗികമാക്കുകയും വേണം. നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്ന കാര്യത്തിൽ വ്യക്തത വരുത്തണം. വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സ്റ്റാഫ് പാറ്റേൺ

കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിനും സർവ്വേ വകുപ്പിലെ ജീവനക്കാരുടെ കുറവ് നികത്തുന്നതിനും ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിലുള്ള തടസ്സങ്ങൾ നീക്കുന്നതിനും നടപടി സ്വീകരിക്കണം. ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്ന നികുതി നിർദ്ദേശങ്ങൾ പിൻവലിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. വിജിൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആർദ്രം, വിദ്യാഭ്യാസ മിഷനുകൾ, നവകേരളം കർമ്മ പദ്ധതി എന്നിവ നടപ്പാക്കിയത് അഭിമാനകരമാണ്. നോളജ് ഇക്കോണമി മിഷൻ, ഗ്രാഫീൻ ഗവേഷണ കേന്ദ്രം, മെഡിക്കൽ ടെക് ഇന്നവേഷൻ പാർക്ക്, സയൻസ് പാർക്ക് തുടങ്ങിയവയ്ക്ക് തുക വകയിരുത്തിയതും എല്ലാ മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയെക്കുറിച്ച് പരാമർശിക്കാത്ത പ്രതിപക്ഷ നിലപാട് ഖേദകരമാണ്. അശാസ്ത്രീയ സാമ്പത്തിക പരിഷ്കാരങ്ങളിലൂടെ

രാജ്യത്തിന്റെ സമ്പദ്ഘടനയെ തകർക്കുന്ന കേന്ദ്ര സർക്കാർ നടപടിക്കെതിരെ ബദൽ മാതൃക സൃഷ്ടിച്ചുകൊണ്ടാണ് സംസ്ഥാനം മുന്നോട്ടുപോകുന്നത്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ്, ജി.എസ്.ടി. കോമ്പൻസേഷൻ എന്നിവ നിർത്തലാക്കിയും നികുതി വെട്ടിക്കുറച്ചും സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കാനുള്ള കേന്ദ്ര നീക്കം പ്രതിഷേധാർഹമാണ്. സപ്ലൈകോ വഴി 13 ഇനം അവശ്യ സാധനങ്ങളുടെ വില പിടിച്ചുനിർത്തിയ നടപടി ജനങ്ങൾക്ക് ആശ്വാസം പകരുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സർക്കാർ ഗ്യാരന്റി നിൽക്കാവുന്ന പരമാവധി തുക തനത് നികുതി വരുമാനത്തിന്റെ 10 ശതമാനമായി ഉയർത്തുന്നത് ധനഉത്തരവാദിത്ത നിയമത്തിനെതിരാണ്. സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കടം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന് തുല്യമാക്കുന്നതിനുള്ള ബിൽ പിൻവലിക്കണം. കിഫ്ബിയുടെ സർക്കാർ ഗ്യാരന്റി പരിധി

ഇരട്ടിയാക്കാനുള്ള നീക്കം ഉപേക്ഷിക്കണം. സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സാധാരണ ജനങ്ങളെ ദോഷകരമായി ബാധിക്കുന്ന നികുതി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് ആശാസ്യമല്ല. ആഭ്യന്തര വരുമാനത്തിന്റെ സിംഹഭാഗവും വായ്പാ തിരിച്ചടവിനായി നീക്കിവയ്ക്കുന്നതുകൊണ്ട് സാധാരണ ജനങ്ങളുടെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണ്. നിയമപരമായി വിവാഹമോചനം നേടിയ സ്ത്രീകളെക്കൂടി വിധവാ പെൻഷന്റെ പരിധിയിൽ കൊണ്ടുവരണം. പഞ്ചായത്തുകളുടെ പദ്ധതിവിഹിതം വെട്ടിക്കുറച്ചതും ആശാകിരണം പദ്ധതിപ്രകാരമുള്ള ധനസഹായം നൽകാത്തതും പ്രതിഷേധാർഹമാണ്. സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിച്ച നടപടി അപലപനീയമാണ്. കേരളത്തെ കടക്കെണിയിൽ നിന്നും രക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം.

ഡോ. സുജിത് വിജയൻപിള്ള: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേന്ദ്ര സർക്കാർ അർഹതപ്പെട്ട നികുതി വിഹിതം വെട്ടിക്കുറച്ചിട്ടും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ സാമ്പത്തിക

പ്രതിസന്ധി മറികടക്കാനായതും സമസ്ത മേഖലകളിലും വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചതും പ്രശംസനീയമാണ്. ഐ.ടി. സെക്ടറിൽ രണ്ട് ലക്ഷം തൊഴിലെന്ന ലക്ഷ്യം കൈവരിക്കാനായി രണ്ട് കോടി ചതുരശ്രയടി പശ്ചാത്തല വികസനമാണ് ലക്ഷ്യമിടുന്നത്. സ്റ്റാർട്ടപ്പുകളെ ആകർഷിക്കുന്നതിനായി ഇന്റർനാഷണൽ ലോഞ്ചിംഗ് പ്രോഗ്രാം ആരംഭിക്കുകയും ഗ്ലോബൽ ആക്സിലറേറ്റർ നെറ്റ്‌വർക്കുമായി കരാറിലേർപ്പെടുകയും പൊതുമേഖലാ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ട് ഏയ്ഞ്ചൽ ഫണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തത് ശ്ലാഘനീയമാണ്. 2025-ഓടുകൂടി വൈദ്യുതാവശ്യത്തിന്റെ 40% സോളാർ/ റിന്യൂവൽ എനർജിയിലേയ്ക്ക് മാറാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സർവ്വകലാശാലകളുടെ ഭൗതിക/ബൗദ്ധിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും വിജ്ഞാന സമ്പദ്ഘടനയെന്ന പ്രഖ്യാപിത ലക്ഷ്യത്തിലെത്താനുമുള്ള നടപടികൾ അഭിനന്ദനാർഹമാണ്.

ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സർഫാസി ആക്ട് പ്രകാരമുള്ള ജപ്തി നടപടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഇടപെടാനും ബാങ്കുകളുടെ യോഗം വിളിച്ച് പരിഹാരം കാണാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഭൂനികുതിയിൽ ഭീമമായ വർദ്ധനവ് വരുത്തിയിട്ടില്ല. ഫെയർ വാല്യു കാലാനുസൃതമായി വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇരുചക്രവാഹനങ്ങൾക്ക് 1% നികുതിവർദ്ധനവാണ് വരുത്തിയിരിക്കുന്നത്. ആംനസ്റ്റി സ്കീം വഴി 2315 കോടി രൂപ ശേഖരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഈയിനത്തിൽ 6228 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ കടം വർദ്ധിച്ചെന്ന വാദം അടിസ്ഥാനരഹിതമാണ്. കേന്ദ്ര സർക്കാർ ജി.എസ്.ടി. കോമ്പൻസേഷൻ ലഭ്യമാക്കാതെയും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് വെട്ടിക്കുറച്ചും സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയ നടപടിക്കെതിരെ ശക്തമായി പ്രതിഷേധിക്കേണ്ടതുണ്ട്. സർഫാസി ആക്ടിന്റെ പേരിൽ പാവപ്പെട്ടവരെ ദ്രോഹിക്കുന്ന നടപടിക്കെതിരെ സർക്കാർ ഇടപെടുന്നതാണ്. അർഹതപ്പെട്ട വിഹിതം കേന്ദ്രത്തിൽ നിന്ന് വാങ്ങിയെടുക്കാൻ പരിശ്രമിക്കുന്നതാണ്. ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനകാര്യ ബില്ലും 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(I) 2022-ലെ കേരള ധനകാര്യ ബിൽ

രണ്ടാം വകുപ്പ്

165, 171, 172, 174, 175, 178, 185, 186, 188, 191, 197 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

200, 206, 209, 211, 220, 222, 224, 232, 233, 240, 243, 244, 245, 246, 250, 254, 257, 265, 267, 268, 269, 270 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

271, 274, 275, 280, 286, 287, 289, 302, 304, 305, 308, 313, 325 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

329, 335, 336, 341, 344 , 348, 350, 351, 352, 358, 359, 360, 362, 363, 371 , 377 , 378, 380, 381, 386, 396, 397, 398, 399, 400, 401, 403, 406, 412, 413, 414, 422, 424, 425, 428, 435, 436, 438, 439, 440, 444, 445, 446 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

450, 455, 464 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

മന്ത്രി താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

573. ഖണ്ഡം 7- ൽ

(1) In item (b) of sub-clause (2), before the words " continuous period of six months" , the word " a" shall be inserted.

472, 473, 478, 479, 480, 483, 484, 486, 488, 491, 496, 497, 500, 503, 504, 505, 507, 508, 509, 512, 514, 517, 522, 523, 524, 525 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെ പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

477. In section 16 (4) proposed to be substituted in the Kerala State Goods and Services Tax Acts, 2017 by clause 7(1) (b) for the words " thirtieth day" the words and figure " 30th day " shall be substituted.

485. In Section 34 (2) proposed to be substituted in the Kerala

State Goods and Services Tax Act, 2017 by Clause 7(3), for the words " the thirtieth day of November" the words and figures " the 30th day of November " shall be substituted.

490. In Section 37(3) proposed to be amended in the Kerala State Goods and Service Tax Act, 2017 by Clause 7(4)(c)(ii), for the words " the thirtieth day of November" the words and figures " the 30th day of November" shall be substituted.

മന്ത്രി താഴെ പറയുന്ന ഭേദഗതി സ്വീകരിച്ചു.

505. In section 39 (9) proposed to be amended in the Kerala State Goods and Services Tax Act, 2017 by Clause 7 (6)(c)(ii) for the words " the thirtieth day of November" the words and figure "the 30th day of November" shall be substituted.

താഴെ പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

517. In the provisio to section 52(6) poposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7 (13), for the words " the thirtieth day of November" the words and figure " 30th day of November" shall be substituted.

മന്ത്രി അവതരിപ്പിച്ച ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

527, 528, 529, 533, 536, 541, 543 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

550, 555, 556, 564, 566 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒമ്പതാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

574. ഖണ്ഡം 9-ന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക.

"10. Validation.-Notwithstanding anything contained in the Kerala Motor Vehicles Taxation Act, 1976 (Act 19 of 1976) any reduction of tax granted by virtue of the provisions of the Kerala Finance Bill, 2022 (Bill No.99 of the Fifteenth Kerala Legislative Assembly) in respect of the period with effect from 1st April, 2022 to the date of publication of this Act, shall be deemed to have been validly done and any tax collected or paid at higher rates shall be deemed to have been validly collected or paid and the tax so collected shall not refunded."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് (പത്താം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

106, 113, 122, 133, 136, 147, 148, 157, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ശബ്ദവോട്ടോടെ സഭ പാസ്സാക്കി.

(II) <u>2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ</u>

<u>രണ്ടാം വകുപ്പ്</u>

215, 216, 222, 224, 230, 236, 239, 240, 241, 245, 246, 247, 251, 254, 259, 267, 274 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

107, 119, 126, 132, 139, 140, 141, 143, 149, 155, 166, 167, 168, 179, 180, 186, 188, 195, 196, 207, 208 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ശബ്ദവോട്ടോടെ സഭ പാസ്സാക്കി.

(III) 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കീഴിൽ ഭരണനിർവ്വഹണം നടത്തുന്ന സംഘങ്ങളുടെ പ്രതിനിധികൾക്ക് മേഖലാ

സഹകരണ ക്ഷീരോൽപ്പാദക യൂണിയനിലെ പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനും തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നതിനും അനുവാദം നൽകുന്നതിനുള്ള ഭേദഗതിയാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുന്നതിനും അതുവഴി ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ ഭരണം പിടിച്ചെടുക്കാനുമുള്ള ഭേദഗതി ജനാധിപത്യവിരുദ്ധമാണ്. മേഖലാ യൂണിയനുകളുടെ പ്രവർത്തന പരിധി രണ്ട് ജില്ലകളിലായി പരിമിതപ്പെടുത്തുന്നത് അനുചിതമാണ്. അംഗത്വം ലഭിക്കുന്നതിന് 180 ദിവസം വേണമെന്ന ഭേദഗതി ക്ഷീര കർഷകരെ ബുദ്ധിമുട്ടിലാക്കുന്നതാണ്. ക്ഷീരസംഘങ്ങളിൽ 500 ലിറ്റർ പാൽ നൽകണമെന്ന വ്യവസ്ഥ കർഷകർക്ക് അംഗത്വം നിഷേധിക്കപ്പെടുന്നതിനും സംഘങ്ങളിലെ ജനാധിപത്യ പ്രക്രിയ അട്ടിമറിക്കപ്പെടുന്നതിനും ഇടയാക്കും. സഹകരണ മേഖലയിലെ കേന്ദ്ര നയങ്ങൾ പ്രതിഷേധാർഹമാണ്. സഹകരണ മേഖലയുടെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തണം.

ഡോ. മാത്യു കുഴൽനാടൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കീഴിൽ ഭരണനിർവ്വഹണം നടത്തുന്ന സംഘങ്ങളുടെ പ്രതിനിധികൾക്ക് തെരഞ്ഞെടുപ്പിൽ വോട്ട്

ചെയ്യുന്നതിന് അനുവാദം നൽകുന്നതിനുള്ള ഭേദഗതി ജനാധിപത്യ വിരുദ്ധമാണ്. ബില്ലിന് മുൻകാലപ്രാബല്യം നൽകാനുള്ള കാരണം സർക്കാർ വ്യക്തമാക്കണം. ജനാധിപത്യത്തെ അട്ടിമറിക്കാൻ വേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. സജീവ് ജോസഫ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ക്ഷീരസഹകരണ സംഘങ്ങളുടെ ഭരണസമിതിയെ ഇല്ലായ്മ ചെയ്യാനാണ് ഈ ബില്ലിലൂടെ സർക്കാർ ശ്രമിക്കുന്നത്. സഹകരണ മേഖലയെക്കുറിച്ച് വിശദമായ ചർച്ച നടത്താൻ സർക്കാർ തയ്യാറാകണം. സഹകരണസംഘങ്ങൾ മറ്റ് ബാങ്കുകളിലെ നിക്ഷേപം പിൻവലിച്ച് കേരള ബാങ്കിൽ മാത്രം നിക്ഷേപിക്കണമെന്ന രജിസ്ട്രാറുടെ നിർദ്ദേശം പിൻവലിക്കണം. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കേരള ബാങ്ക് വഴി ഡിജിറ്റൽ സേവനങ്ങൾ ഉറപ്പുവരുത്താൻ സാധിക്കണം. പ്രാഥമിക ബാങ്കുകൾ വഴി നൽകുന്ന കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്ന കർഷകർക്ക് നൽകുന്ന പലിശ ആനുകൂല്യത്തിന് ആനുപാതികമായ തുക കാലതാമസം വരുത്താതെ നൽകുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാകണം. റിസ്ക് ഫണ്ട് പദ്ധതിപ്രകാരം രണ്ട് മാസത്തിനുള്ളിൽ ചികിത്സാ സഹായം

നൽകാനുള്ള സംവിധാനമുണ്ടാക്കണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് രൂപീകരിക്കണം. ഓഡിറ്റ് മാന്വൽ കാലാനുസൃതമായി പരിഷ്ക്കരിക്കണം. കേരള ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള ഇടപെടലും സഹകരണ ബാങ്കുകളിൽ നിന്നുമെടുത്തിട്ടുള്ള വായ്പകളുടെ പലിശ എഴുതിത്തള്ളാനുള്ള തീരുമാനവും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ വഴി കാർഷിക വായ്പകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സജീവ് ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം (ഡോ. മാത്യു കുഴൽനാടൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. എതിർക്കുന്നവരെ ഇല്ലായ്മ ചെയ്യുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി

അവതരിപ്പിക്കുന്നു. ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും യഥാർത്ഥ ക്ഷീരകർഷകരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുമാണ് സെക്ഷൻ 28(8)-ൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കീഴിൽ ഭരണനിർവ്വഹണം നടത്തുന്ന ക്ഷീര സഹകരണ സംഘങ്ങളുടെ പ്രതിനിധികൾക്ക് മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനിലെ പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനും മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനും അവകാശം നൽകുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരിക്കുന്ന സംഘങ്ങളുടെ വോട്ടവകാശം ഹനിക്കരുതെന്നും പ്രസ്തുത കമ്മിറ്റി/പ്രതിനിധിക്ക് പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനും വോട്ട് ചെയ്യുന്നതിനും അവകാശമുണ്ടായിരിക്കുമെന്നുമുള്ള ഭേദഗതി ബില്ലിൽ വരുത്തിയിട്ടുണ്ട്. എല്ലാ അംഗങ്ങൾക്കും ലഭിക്കേണ്ട തുല്യ വോട്ടവകാശം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ലെന്ന സാങ്കേതിക കാരണത്താൽ നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടാകാൻ പാടില്ല. പ്രസിഡന്റ്/വൈസ് പ്രസിഡന്റ് വനിതയായിരിക്കണമെന്ന ഭേദഗതി കൊണ്ടുവന്നതും സോഷ്യൽ ഓഡിറ്റിംഗ്

ഏർപ്പെടുത്തിയതും സ്വാഗതാർഹമാണ്. മിൽമയുടെ പ്രവർത്തനത്തിലൂടെ ക്ഷീരമേഖലയിൽ പുരോഗതി കൈവരിക്കാനും സംസ്ഥാനത്ത് ക്ഷീരോൽപ്പാദനം സ്വയംപര്യാപ്തതയിലെത്തിക്കാനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ശ്രേണി പുറത്തിറക്കാനും പ്രതിദിന പാൽ വിൽപ്പന ആറ് ലക്ഷം ലിറ്ററാക്കി ഉയർത്താനും പാലുൽപ്പാദനം 10 ശതമാനം വർദ്ധിപ്പിക്കാനും സാധിച്ചത് അഭിനന്ദനാർഹമാണ്. സാമ്പത്തിക പരാധീനതയുള്ള സംഘങ്ങളുടെ ഉദ്ധാരണ പദ്ധതിക്ക് 2 കോടി രൂപ ചെലവഴിച്ചതും നിർത്തിവച്ചിരുന്ന കന്നുകുട്ടി-കിടാരി ദത്തെടുക്കൽ പദ്ധതി പുനരുജ്ജീവിപ്പിച്ചതും സംഘം ജീവനക്കാർക്ക് ഓണക്കാലത്ത് ഉത്സവബത്ത അനുവദിച്ചതും പാൽ വിലയ്ക്ക് ഇൻസെന്റീവ് നൽകിയതും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി അനുവദിച്ചതും ശ്ലാഘനീയമാണ്. തിരുവനന്തപുരം മേഖലയിൽ 40 കൃത്രിമ ബീജദാന കേന്ദ്രങ്ങൾ അനുവദിച്ചതും അന്യസംസ്ഥാനങ്ങളിൽനിന്നും പാൽ കൊണ്ടുവരുന്നത് നിർത്തലാക്കിയതും സ്വാഗതാർഹമാണ്.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ക്ഷീരോല്പാദക സഹകരണ സംഘത്തിൽ യഥാർത്ഥ ക്ഷീരകർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനാണ് സെക്ഷൻ 28(8)

ഭേദഗതി വരുത്തിയത്. പ്രസിഡന്റ്/വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്ക് സംവരണം ചെയ്തതും സോഷ്യൽ ഓഡിറ്റ് നടപ്പാക്കിയതും സഹകരണ മേഖലയെ സംരക്ഷിക്കാനുള്ള നടപടികളാണ്. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കുമാത്രമേ മത്സരിക്കാനും വോട്ട് ചെയ്യാനുമുള്ള അധികാരമുള്ളൂവെന്ന തെറ്റിദ്ധാരണ ഒഴിവാക്കാനാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

(മന്ത്രിയുടെ രാഷ്ട്രീയ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്കരിച്ചു.)

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## രണ്ടാം വകുപ്പ്

176, 177, 178, 179 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

176. In clause 2, after the brackets, number and symbol " (8) ", the word "the" shall be inserted.

177. In the proviso proposed to be added to Sec. 28 (8) of the Kerala Cooperative Societies Act, 1969 by clause2, after the words "an Administrator or" , the word "an" shall be inserted.

178. In the proviso proposed to be added to Sec. 28 (8) of the Kerala Cooperative Societies Act, 1969 by clause2, for the word "the" coming after the words "Administrative Committee of" the word "a" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

132-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

## IX. അറിയിപ്പ്

### മെഡിസെപ് പദ്ധതി പരിചയപ്പെടുത്തലും ഫോട്ടോ പ്രദർശനവും

മി. ഡെപ്യൂട്ടി സ്പീക്കർ: 'ആസാദി കാ അമൃത് മഹോത്സവ് '-ന്റെ ഭാഗമായി നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ മന്ദിരത്തിന്റെ താഴത്തെ നിലയിലും ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിലുമായി ഒരുക്കിയിരിക്കുന്ന ഇന്ത്യൻ സ്വാതന്ത്ര്യ

സമരത്തിന്റെയും കേരള സംസ്ഥാന രൂപീകരണത്തിന്റേയും പ്രധാന സംഭവങ്ങളെ സംബന്ധിച്ചുള്ള ഓഡിയോ-വീഡിയോ-ഫോട്ടോ പ്രദർശനത്തിന്റെ ഉദ്ഘാടനം നാളെ രാവിലെ 8.30-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. ഇന്ന് സഭാ സമ്മേളനത്തിനുശേഷം ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ നിയമസഭാ സാമാജികർക്കായി സംഘടിപ്പിക്കുന്ന 'മെഡിസെപ്' സംബന്ധിച്ച പരിപാടിയിൽ എല്ലാ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

(സഭ രാത്രി 7.44-ന് പിരിഞ്ഞു)

*****